LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന ക്രൈംബ്രാഞ്ചിന്റെ ജോലിഭാരം കുറയ്ക്കുന്നതിനും ഏതെങ്കിലും കേസിൽ ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ പരാതി ഉണ്ടായാൽ sl കേസ് ജില്ലാ പോലീസ് മേധാവിക്ക് ഊർജിത അന്വേഷണത്തിനായി കൈമാറുന്നതിനും പ്രാധാന്യമായ കേസുകളുടെ അന്വേഷണം ലോക്കൽ പോലീസിൽനിന്നും മാറ്റി ഊർജിത അന്വേഷണത്തിന് സാഹചര്യം ഒരുക്കുന്നതിനുമാണ് ജില്ലാ ക്രൈംബ്രാഞ്ചുകളുടെ രൂപീകരണം കൊണ്ടുള്ള പ്രധാന ലക്ഷ്യങ്ങൾ.

(സി) ജില്ലാ ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനത്തിന് 1 ACP/DySP, 2 Inspector, 14 SI, 14 SCPO, വനിതകൾ ഉൾപ്പെടെ 6 CPO -മാർ എന്നിങ്ങനെ ഉദ്യോഗസ്ഥരെ പുനർ വിന്യാസംവഴി നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ടറ പോലീസ് ശ്രീ. പി. ജി. കോശി പണിക്കർക്കെതിരെയെടുത്ത കള്ളക്കേസ്

100(5686) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കണ്ടറ പോലീസ് സ്റ്റേഷനിൽ ശ്രീ. പി. ജി. കോശി പണിക്കർ, പുഷ്പമംഗലം ഹൗസ്, പുന്നമുക്ക്, കൊല്ലം എന്നയാളുടെ പേരിൽ ക്രൈം നമ്പർ 1317/14, 1827/14 എന്നീ കേസുകൾ രജിസ്റ്റർ ചെയ്തിരുന്നുവോ ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത കേസുകൾക്ക് ആധാരമായ കാര്യങ്ങളിൽ ശ്രീ കോശി പണിക്കർ നിരപരാധിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടും ബോധപൂർവ്വം കേസ് കെട്ടിച്ചമച്ചതാണെന്ന് കാണിച്ച് ടിയാൾ നൽകിയ പരാതി ലഭ്യമായിരുന്നോ ;

(സി) എങ്കിൽ ഈ പരാതിയിന്മേൽ ആരെയാണ് അന്വേഷണ ചുമതല ഏൽപ്പിച്ചതെന്നും അതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും അറിയിക്കുമോ ;

(ഡി) പരാതിക്കാരന്റെ പേരിൽ കള്ളക്കേസ് എടുത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാൻ സന്നദ്ധമാകുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കിഴക്കേ കല്ലട നിരയിൽ പുത്തൻ വീട്ടിൽ ശ്രീമതി ബിന്ദു എന്നയാളുടെ പരാതിയിൽ കണ്ടറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1827/14 u/s 420 IPC & 3 r/w 17 of Kerala Money Lenders Act പ്രകാരം ഒരു കേസും കണ്ടറ മുട്ടട ജംഗ്ഷനിൽ

ശ്രീ കോശി പണിക്കർ നടത്തിവരുന്ന പുഷ്പമംഗലം ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനത്തിൽ അമിത പലിശയ്ക്ക് പണം വായ്പ നൽകുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 21-6-2014-ൽ നിയമാനുസരണം പരിശോധന നടത്തിയതിൽ 11 വ്യാജ റിക്കോർഡുകൾ കണ്ടെടുത്തതിനെത്തുടർന്ന് 1317/14 u/s 511, 420, 468, 471 IPC r/w 3, 4, 17, 18(A)(7) പ്രകാരം മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസിലെ പ്രതിയായ കോശി പണിക്കർ നിരപരാധിയാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും നാളിതുവരെ ഹാജരാക്കിയിട്ടില്ല. ടിയാൻ നിരപരാധിയാണെന്ന് കാണിച്ച് കൊട്ടാരക്കര ഡിവൈ.എസ്.പി.ക്ക് പരാതി നൽകിയിട്ടുണ്ട്.

(സി) കൊല്ലം (റൂറൽ) ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തി വരുന്നു.

(ഡി) കേസ് ഇപ്പോൾ അന്വേഷണഘട്ടത്തിലാണ്.

സദാചാര ഗുണ്ടാ ആക്രമണം

101(5687) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ സംസ്ഥാനത്ത് സദാചാര ഗുണ്ടകൾ കൊലപ്പെടുത്തിയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; ഇവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഏതെല്ലാം കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ഏതെല്ലാം കേസ്സുകളിൽ പ്രതികൾ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട് ;

(സി) ഏതെല്ലാം കേസ്സുകളിൽ ഗൂഢാലോചന നടന്നതായി ബന്ധുക്കൾ പരാതിപ്പെട്ടിട്ടുണ്ട് ; പ്രസ്തുത കേസ്സുകളിൽ ഗൂഢാലോചന നടത്തിയവരെ കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് സദാചാര ഗുണ്ടകൾ കൊലപ്പെടുത്തിയ സംഭവങ്ങൾ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly